(ബി) 4192 ലക്ഷം രൂപ.

(സി) ഇല്ല.

(ഡി) വായ്പ തുക പഞ്ചായത്തുകൾ തിരിച്ചടയ്ക്കാത്തതിന്റെ കാരണം വ്യക്തമല്ല. 30.9.99 വരെ ഏകദേശം 22 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്.

(ഇ) ഉണ്ട്. ഭീമമായ തുക കുടിശ്ശിക വരുത്തിയ 28 ഗ്രാമപഞ്ചായത്തുകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ 2 പഞ്ചായത്തുകൾ കുടിശ്ശിക പൂർണ്ണമായി ഒടുക്കി ബാദ്ധ്യത തീർത്തിട്ടുണ്ട്.

(എഫ്) ഇത്തരം പഞ്ചായത്തുകൾ ബോർഡുമായി കൂടി ആലോചനയ്ക്ക് വരുമ്പോൾ പരമാവധി ഇളവ് അനുവദിക്കുന്നുണ്ട്. പിഴപലിശ പൂർണ്ണമായും പലിശ ഭാഗികമായും ഒഴിവാക്കി പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ ഗണ്യമായ കുറവ് നൽകിയിട്ടുണ്ട്.

105 (2261) ലൈബ്രറി സെസ്

<u>ശ്രീ. പി.ജെ. ജോയി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ എത്ര തുക പിരിച്ചെടുത്തു;

(ബി) ഈ തുക ഏത് ഹെഡിലാണ് അടച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1997-98 വർഷത്തിൽ ലൈബ്രറി സെസിനത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങൾ പിരിച്ചെടുത്ത തുകയുടെ വിവരം ജില്ലാടിസ്ഥാനത്തിൽ താഴെപ്പറയുന്നു.

<u>ജില്ല</u>	<u>തുക (രൂപ)</u>
തിരുവനന്തപുരം	11,71,260.40
കൊല്ലം	11,16,428.00
പത്തനംതിട്ട	8,14,283.70
ആലപ്പുഴ	10,46,284.00
കോട്ടയം	13,04,814.00
ഇടുക്കി	3,96,277.50
എറണാകുളം	15,58,749.00
തൃശ്ശൂർ	22,04,760.23
പാലക്കാട്	10,81,626.00
മലപ്പുറം	9,48,873.00
കോഴിക്കോട്	22,95,454.00
വയനാട്	5,05,007.89
കണ്ണൂർ	10,94,806.90
കാസർഗോഡ്	4,63,551.00

LIBRARY ARCHIVES Kerala Legislative Assembly

ആകെ	1,60,02,175.62
	==========

(ബി) ലൈബ്രറി സെസിനത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഫണ്ടിൽ, എസ്.ബി.ടി, തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഉള്ള കൗൺസിലിന്റെ അക്കൗണ്ടിലാണ് അടയ്ക്കുന്നത്.

106 (2262) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ നിയമനം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത് സ്കൂളുകളിലെ നിയമനത്തിൽ നിലനിൽക്കുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ എത്ര പഞ്ചായത്ത് സ്കൂളുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) സ.ഉ.(എം.എസ്)നം : 218/95/തദ്വേ തീയതി : 6.10.95 പ്രകാരം കേരളത്തിലെ പഞ്ചായത്തു സ്കൂളുകളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടു കൊടുത്തിട്ടുണ്ട്.

(സി) പഞ്ചായത്തു സ്കൂളുകളിലെ നിയമനത്തിൽ ഇപ്പോൾ തടസ്സം നിലനിൽക്കുന്നില്ല. നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തുവെങ്കിലും ഇതു സംബന്ധിച്ച് കെ.ഇ. ആറിൽ ഭേദഗതി വരുത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനം നടത്തിവരുന്നു.

(ഡി) 117 സ്കൂളുകൾ.

107 (2263) പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങാൻ തുക

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ലെ പദ്ധതി തുകയിൽനിന്നും ജനകീയാസൂത്രണ പദ്ധതികൾക്കു നൽകിയ തുകയിൽ ഓരോ പഞ്ചായത്തിനും ഒരു ലക്ഷം രൂപ വീതം ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക ഉപയോഗിച്ച് എത്ര പഞ്ചായത്തുകൾ ഫോട്ടോകോപ്പിയർ വാങ്ങിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly